എഡിറ്റോറിയൽ

മേയ് 2008

എഡിറ്റർ
ജോർജ്ജ് കാടൻകാവിൽ



# മുത്തശ്ശനും മുത്തശ്ശിക്കും?

വീട്ടിൽ പിള്ളേരെന്തിനാ എന്ന് ശരിക്കും മനസ്സിലായത് സാറെഴുതിയ ലേഖനം വായിച്ചപ്പഴാ. എന്റെ ജോർജ്ജ് സാറേ, ഒരു പത്തു മുപ്പതു കൊല്ലം മുമ്പേ ആരെങ്കിലും ഇത് ഒന്നെഴുതിയാരുന്നെങ്ങിൽ എന്നോർത്തു പോകുവാ. ഞങ്ങളുടെ മക്കളു അങ്ങു ദൂരദേശങ്ങളിലാ, അവരുടെ കല്യാണോം കഴിഞ്ഞു. അവർക്കു മക്കളുമായി. ഇപ്പോൾ ഞങ്ങള് വയസ്സനും വയസ്സീം കൂടി തനിച്ച് വല്ല വിധവും ദിവസം നീക്കുകയാണ്.

അപ്പന്റേം അമ്മേടം പിള്ളരുടേം റോളല്ലേ ജോർജ്ജ് എഴുതിയുള്ളു. ഈ വല്യപ്പനും വല്യമ്മക്കും കൂടി എന്തെങ്കിലും ഒരു റോളു പറഞ്ഞുതാ മോനേ?

അമ്മച്ചീ, വളരെ പ്രധാനപ്പെട്ടതും, രസകരവുമായ റോളാണ് മുതിർന്ന തലമുറക്കുള്ളത്. എന്നെ മോനെ എന്നു വിളിക്കാൻ അമ്മച്ചി തയാറായല്ലോ? , നിങ്ങളു പ്രസവിക്കാത്തവരേയും നിങ്ങൾക്ക് മക്കളേപ്പോലെ കരുതാൻ കഴിയുന്നതാണ് ഏറ്റവും മുന്തിയ റോൾ. ഇളം തലമുറക്ക് ധാരാളം അറിവ് നേടാൻ ഇക്കാലത്ത് അവസരമുണ്ട്, പക്ഷേ അനുഭവജ്ഞാനവും പക്വതയും, കാലക്രമത്തിലേ ലഭിക്കുന്നുള്ളു. ദീർഘകാലം ജീവിച്ച് സ്വന്തമാക്കിയ അനുഭവങ്ങളാണ് മുതിർന്ന തലമുറയുടെ കൈമുതൽ. ജീവിത സാഹചര്യങ്ങളും സംവിധാനങ്ങളും ജനിച്ച് വളർന്ന് , കെട്ടിയും കെട്ടിച്ചും, മരിപ്പിച്ചും-മരിച്ചും ജീവൻ ഒടുങ്ങുന്ന പ്രക്രിയക്കിടയിൽ ഓരോ മനസ്സുകൾക്കും ലഭിക്കുന്ന അനുഭൂതികൾ മാത്രമാണ് അവരുടെ ജീവിതം എത്ര അർത്ഥ പൂർണ്ണമായിരുന്നു എന്നതിന്റെ അളവുകോൽ.

ഇളം തലമുറ ആസ്വദിക്കുന്ന കാര്യങ്ങളോട് അതൃപ്തിയോ അസൂയയോ പ്രകടിപ്പിക്കുമ്പോഴാണ്, മുതിർന്ന തലമുറക്ക് അവരുടെ റോൾ നഷ്ടമാകുന്നത്, പകരം ഇളം തലമുറക്ക് രുചിക്കുന്ന കാര്യങ്ങളിൽ താല്പര്യം എടുക്കുകയും, അവയെക്കുറിച്ച് അറിവ് നേടുകയും, അവരോട്  പങ്കുചേരുകയും, അവരെ ആസ്വദിക്കുകയും നിർണ്ണായക ഘട്ടങ്ങളിൽ ജീവിതസത്യങ്ങൾ അവർക്കു കാട്ടി കൊടുക്കുകയുമാണ് മുതിർന്നവർ എടുക്കേണ്ട റോൾ.

മക്കളും കൊച്ചുമക്കളും അന്യദേശത്തായിരിക്കേ, വീട്ടിൽ മുനിഞ്ഞു കുത്തിയിരുന്നു ദിനങ്ങൾ നിരക്കി ജീവിക്കുന്ന ഒരു മുത്തശ്ശനോ മുത്തശ്ശിക്കോ, ഈപ്പറഞ്ഞ ആസ്വാദനം നടത്താൻ ഒരു ഇളം തലമുറ എവിടെ എന്നു ചോദിച്ചേക്കാം. അവിടെയാണ് ഒരു നല്ല വയോജന നയത്തിന്റെ പ്രസക്തി.

നമ്മുടെ സ്കൂൾ വിദ്യാർത്ഥികൾക്ക് വർഷത്തിൽ മൂന്ന് അവധിക്കാലം ലഭിക്കുന്നുണ്ട്. കുട്ടികളുടെ പഠനപദ്ധതിയുടെ ഭാഗമായി മുതിർന്നവരോടൊപ്പം ഒരു ദിനം എന്ന ഒരു പ്രോജക്ട് ഏർപ്പെടുത്താം. സ്വന്തത്തിലോ പരിചയത്തിലോ ഉള്ള ഒരു മുത്തശ്ശനോടോ, മുത്തശ്ശിയോടോ ഒപ്പം ഒരു ദിവസം ചിലവഴിക്കണം. അവരിൽ നിന്നും എന്തെങ്കിലും ഒരു പുതിയ അറിവ് നേടണം, അവരുടെ ഒരു ദുഃഖം, ഒരു സന്തോഷം ഇവ കണ്ടെത്തി ഒരു റിപ്പോർട്ട് എഴുതി സ്കൂൾ തുറക്കുമ്പോൾ ടീച്ചറെ ഏൽപിക്കണം. ഏറ്റവും നല്ല റിപ്പോർട്ടുകൾ തിരഞ്ഞെടുത്ത് പ്രസിദ്ധപ്പെടുത്തുകയും, അതിന്റെ ഓരോ കോപ്പി, കുട്ടികൾ പരിചയപ്പെട്ട മുത്തശ്ശനോ മുത്തശ്ശിക്കോ കൊടുക്കണം, അതിന് ഉചിതമായ ഒരു വില നൽകാൻ മുതിർന്നവരും തയ്യാറായാൽ, ഇതിനുള്ള

www.BethlehemMatrimonial.com

ചിലവും കണ്ടെത്താം.

ഇതു നടപ്പിലാക്കാൻ വലിയ നിയമനിർമ്മാണം ഒന്നും വേണ്ട. ഒരു പ്രിൻസിപ്പാൾ വിചാരിച്ചാൽ മതി, ആ സ്കൂളിൽ പ്രാവർത്തികമാക്കാൻ.

അകാലത്തിൽ മരണം സംഭവിച്ചില്ലാ എങ്കിൽ നമുക്ക് എല്ലാവർക്കും ബാധകമാകുന്ന വാർദ്ധക്യം എത്രയും ആസ്വാദ്യകരമാക്കി മാറ്റുവാൻ അല്പം അദ്ധ്വാനിച്ചാൽ മതി, നമുക്ക് കഴിയും, എങ്കിൽ, നമ്മുടെ ചെറുപ്പത്തിൽ തന്നെ അതു തുടങ്ങി വെക്കേണ്ടതല്ലേ?, പിന്നെന്തിനാ മടിക്കുന്നത്?

More Articels: http://www.bethlehemmatrimonial.com/editorial.html

www.BethlehemMatrimonial.com